# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

ഡോ. എം. എ. ഉമ്മൻകമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

1792 ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ആർ. സെൽവരാജ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഈ വർഷത്തെ ലക്ഷ്യം വിശദീകരിക്കാമോ ; ഇതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഡോ. എം. എ. ഉമ്മൻകമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഇതിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ പദ്ധതി</u>

1793 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>വിവിധ ക്ഷേമനിധികൾക്ക് ഏകജാല സംവിധാനം</u>

1794 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക ക്ഷേമ വകുപ്പിനു കൂഴിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് വേണ്ടി ക്ഷേമനിധികൾ നിലവിലുണ്ട്;

(ബി) സാമൂഹിക ക്ഷേമ വകുപ്പിനു കീഴിൽ ആകെ എല്ലാ വിഭാഗങ്ങളിലും കൂടി എത്ര പേർ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്;

(സി) വിവിധ ക്ഷേമനിധികൾക്ക് അപേക്ഷിക്കുന്നതിന് ഒരു ഏകജാലക സംവിധാനം രൂപീകരിക്കാൻ തീരുമാനമുണ്ടോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി</u>

1795 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകളിലെ അസ്സെസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കൽ എത്ര നാളുകൾക്കകം പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര പഞ്ചായത്തുകളിലെ അസ്സെസ്സ്മെന്റ് രജിസ്റ്ററുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു;

(ഇ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ കൂടുതൽ ബിൽ കളക്ടർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

ഗ്രാമസഭകളിലെ പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി

1796

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നടപ്പു സാമ്പത്തിക വർഷം വ്യക്തിഗത ആനുകൂല്യങ്ങൾ പരിശോധിച്ച് നൽകേണ്ട ഗ്രാമസഭകളിൽ ക്വാറം തികയാത്തതു മൂലമുണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ വിവിധ തസ്തികയിൽ ദിവസവേതന നിരക്കുകൾ

1797 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ക്ലാർക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡ്രൈവർമാർ, പ്യൂൺ തുടങ്ങിയ വിവിധ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ നിരക്കുകൾ എത്രയാണെന്നും എന്നുമുതൽ ഇത് പ്രാബല്യത്തിൽ വന്നുവെന്നും വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ ഉത്തരവിന് വിരുദ്ധമായി വിദസവേതന നിരക്ക് കൂട്ടിനൽകാനോ, കുറച്ചുനൽകാനോ പഞ്ചായത്തിന് അധികാരം ഉണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

ഗ്രാമ പഞ്ചായത്തുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ

1798 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും ആയതു ഏതൊക്കെ തസ്തികകളാണെന്നും വിശദമാക്കാമോ ;

(ബി) ഗ്രാമ പഞ്ചായത്തുകളിലെ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>കൂറുമാറ്റ നിയമത്തിലെ മാറ്റം</u>

1799

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കൂറുമാറ്റ നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രധാനമായും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മാറ്റം കൊണ്ടുള്ള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

പെൻഷൻ കുടിശ്ശിക തീർപ്പാക്കാൻ നടപടി

1800 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളിപെൻഷൻ നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ ; എന്നുവരെയുള്ള പെൻഷൻ നിലവിൽ കൊടുത്തു തീർത്തു ;

(ബി) ഓണത്തിന് മുമ്പ് അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ കൊടുത്തു തീർക്കാത്ത വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

1801

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ പഞ്ചായത്ത്, തസ്തികകൾ തരംതിരിച്ച് വിശദമാക്കാമോ;

(ബി) ആവശ്യത്തിനുള്ള സ്ഥിരം ജീവനക്കാരുടെ ഒഴിവ് നികത്താത്തതുമൂലം പഞ്ചായത്തുകൾക്ക് വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

## കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ 10 വർഷം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി</u>

1802 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ 10 വരഷം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നോ ;

(ബി) ഇതനുസരിച്ചുള്ള നടപടികൾ പൂർത്തിയായോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>എ. ഇ. മാരുടെ ഒഴിവുകൾ നികത്താൻ നടപടി</u>

1803 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നിലവിൽ എത്ര എ.ഇ മാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഇ മാരുടെ കുറവ് പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എ.ഇ മാരുട ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

വി. ഇ.ഒാ മാര്‍ക്ക് ചിലവഴിച്ച തുക

1804 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകള്‍ക്ക് കൈമാറികിട്ടിയ നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍മാരില്‍ ദാരിദ്ര്യ ലഘൂകരണ മേഖലയില്‍ വി. ഇ. ഒ.മാര്‍ക്ക് കഴിഞ്ഞ സാമ്പത്തികവര്‍ഷം പദ്ധതി ഇനത്തില്‍ എത്ര തുക ചിലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥര്‍ക്ക് ചുമതല നിര്‍വ്വഹിക്കുന്നതിന് പഞ്ചായത്ത് തലത്തില്‍ ഓഫീസ് സഹായ സംവിധാനം നിലവിലുണ്ടോ;

(സി) എങ്കില്‍ ഇതിനുവേണ്ട നടപടി സ്വീകരിമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പത്ത് വര്‍ഷം പൂര്‍ത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി</u>

1805 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് ക്യാബിനറ്റ് തീരുമാനമുണ്ടായതനുസരിച്ച് പത്ത് വര്‍ഷം പൂര്‍ത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പില്‍ എത്ര പേരെ ഇതിനോടകം സ്ഥിരപ്പെടുത്തി എന്നു പറയുമോ ; ഇതിന്‍പ്രകാരം ആലപ്പുഴ ജില്ലയില്‍ നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം നല്‍കുമോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പില്‍ ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ലെങ്കില്‍ എന്തൊകൊണ്ടാണെന്നു പറയുമോ ; തദ്ദേശസ്വയംഭരണ വകുപ്പില്‍ പ്രസ്തുത തീരുമാനം അടിയന്തിരമായി നടപ്പിലാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണം</u>

1806 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണ് ;

(ബി) പ്രസ്തുത തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) കമ്പ്യൂട്ടറൈസേഷൻ വഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാനുദ്ദേശിച്ച സേവനങ്ങൾ എന്തെല്ലാമാണെന്നും നടപ്പിലാക്കിയവ എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>ജനകീയാസൂത്രണ പദ്ധതി</u>

1807 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ 2011-12 ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പുതിയ ജീപ്പ് വാങ്ങുന്നതിന് അനുമതി തേടി തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) നാളിതുവരെ നടപടിയൊന്നും എടുത്തില്ലെങ്കിൽ അടിയന്തിര പ്രാധാന്യത്തോടുകൂടി പ്രസ്തുത കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയം വര്‍ധിപ്പിക്കുന്നതിന് നടപടി</u>

1808 ശ്രീ. കെ.കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയം വര്‍ധിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതുമായി ബന്ധപ്പെട്ട നിര്‍ദ്ദേശത്തിന്റെ വിശദാംശം നല്‍കുമോ;

(സി) പഞ്ചായത്തുകളിലെ ജനപ്രതിനിധികള്‍ക്ക് പുതിയ നിരക്കിലുള്ള ഓണറേറിയം നല്‍കി തുടങ്ങിയോ;

(ഡി) എങ്കില്‍ പുതുക്കിയ നിരക്കിലുള്ള ഓണറേറിയം നല്‍കാത്ത പഞ്ചായത്തുകള്‍ ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(ഇ) പ്രസ്തുത പഞ്ചായത്തുകള്‍ക്ക് പുതിയ നിരക്കിലുള്ള ഓണറേറിയം എത്രയും വേഗം ജനപ്രതിനിധികള്‍ക്ക് നല്‍കുന്നതിനുള്ള നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ബി. പി. എൽ, എ. പി. എൽ ലിസ്റ്റ് തയ്യാറാക്കിയതിൽ കടന്നുകൂടിയ പരാതികൾ</u>

1809 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' എം. ഉമ്മർ
'' സി. മമ്മുട്ടി
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാർ വരെ ബി. പി. എൽ പട്ടികയിലും, അന്നയോജന ആനുകൂല്യ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സെന്റ് ഭൂമി പോലും സ്വന്തമായില്ലാത്ത പ്രതിമാസം 1000 രൂപ പെൻഷൻ മാത്രം വാരുമാനമുളള എൺപതു കഴിഞ്ഞ വൃദ്ധന് ദാരിദ്ര്യരേഖയ്ക്കുമുകളിലുളള കാർഡ് അനുവദിച്ചിട്ടുളളപ്പോൾ, സർക്കാർ ജീവനക്കാർ
ബി. പി. എൽ പട്ടികയിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം അന്വേഷിക്കുമോ;

(സി) ബി. പി. എൽ. എ. പി. എൽ. ലിസ്റ്റ് തയ്യാറാക്കിയതിൽ ക്രമക്കേട് കടന്നുകൂടിയിട്ടുണ്ടെന്ന പരാതികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി തെറ്റുകൾ തിരുത്താൻ തയ്യാറാകുമോ;

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണ പരിഷ്ക്കരണവും</u>

1810 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ലോകബാങ്കിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ ; പ്രസ്തുത പണം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന മാനദണ്ഡവും ഏതെല്ലാം ആവശ്യങ്ങൾക്ക് പ്രസ്തുത ഫണ്ട് ചെലവഴിക്കാമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുകയുടെ തിരിച്ചടവ് വ്യവസ്ഥകൾ എന്തെല്ലാം ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുഭരണം മെച്ചപ്പെടുത്താൻ ലോകബാങ്ക്</u>

1811 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വാപനങ്ങളുടെ സേവനവും ഭരണവും മെച്ചപ്പെടുത്താനുള്ള ലോകബാങ്ക് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിലേക്കായി എത്ര രൂപയാണ് ലോകബാങ്ക് അനുവദിക്കുക;

(സി) പ്രസ്തുത പദ്ധതിക്കായുള്ള നടപടികൾ എന്നാണ് ആരംഭിച്ചത്;

9ഡി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

ഗ്രാമസഭകളുടെ പ്രവര്‍ത്തനം ശക്തിപ്പെടുത്തല്‍

1812 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ മേഖലയില്‍ വികേന്ദ്രീകരണാസൂത്രണം യാഥാര്‍ത്ഥ്യമാക്കുന്നതില്‍ മുഖ്യ പങ്കു നിര്‍വ്വഹിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'ഗ്രാമസഭ'കള്‍ ഇപ്പോള്‍ ഫലപ്രദമായി യോഗം ചേരുന്നില്ലായെന്ന റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമസഭകളുടെ ഫലപ്രദമായ പ്രവര്‍ത്തനങ്ങളെ ശക്തിപ്പെടുത്തും വിധം വാര്‍ഡുതലത്തില്‍ ആസൂത്രണവും ശാസ്ത്രീയവുമായ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

ക്ഷീര സാഗര പദ്ധതിയുടെ പ്രവര്‍ത്തനം

1813 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ക്ഷീരസാഗര' എന്ന പേരില്‍ കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള പദ്ധതി എവിടങ്ങളിലൊക്കെയാണ് പ്രവര്‍ത്തനം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ യൂണിറ്റിനും അനുവദിക്കുന്ന സബ്സിഡി എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് സിസ്റ്റം മാനേജരുടെ ആവശ്യം</u>

1814 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ വഴി സമയബന്ധിതമായി ജനങ്ങൾക്ക് സേവനം നൽകുന്നതിന് സിസ്റ്റം മാനേജരുടെ ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഐ. കെ. എം. ഏർപ്പെടുത്തിയിട്ടുള്ള സിസ്റ്റം മാനേജർമാരുടെ സേവനം യഥാസമയം പഞ്ചായത്തുകൾക്ക് ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസംമൂലം ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള സേവനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടി നിലവിൽ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

**<u>പഞ്ചായത്ത് ജീവനക്കാരുടേയും സെക്രട്ടറിമാരുടേയും ഭരണചുമതല</u>**

1815 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാരുടേയും സെക്രട്ടറിമാരുടേയും ഭരണചുമതല അതാത് പഞ്ചായത്ത് കമ്മിറ്റികളുടെ അധീനതയിലാണോ ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാരും ജീവനക്കാരും പഞ്ചായത്ത് കമ്മിറ്റിയെയും പ്രസിഡന്റിനേയും അംഗീകരിക്കാതിരിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇതിനെതിരെ സർക്കാർ സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

യാചകനിരോധനം

1816 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാചകവൃത്തി നിരോധിക്കുന്നതിനും യാചകരെ പുനരധിവസിപ്പിക്കുന്നതിനും കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഉത്സവ സീസണുകളിലും തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും യാചകർ കൂട്ടത്തോടെ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ യാചകരിൽ വലിയ ഒരു വിഭാഗം അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാചകരായി നടക്കുന്നവരിൽ ചിലർ മോഷണം നടത്തുന്നതും വിവിധ കുറ്റകൃത്യങ്ങളിൽ എർപ്പെടുന്നതും പരിശോധിക്കുമോ;

(ഇ) യാചകവൃത്തിക്കായി കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും കുട്ടികളെ പരിക്കേൽപ്പിക്കുന്നതും പോലെയുള്ള സംഭവങ്ങൾ ഗൗരവമായി കാണുമോ?

(എഫ്) യാചകരെ റിക്രൂട്ട് ചെയ്ത് വൻതോതിൽ പണമുണ്ടാക്കുന്ന സംഘങ്ങളെ സംബന്ധിച്ച വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനം മുഴുവൻ യാചകവൃത്തി നിരോധിക്കാനും യാചകരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പൊതുശ്മശാനം ആരംഭിക്കുന്നതിനുള്ള നടപടി</u>

1817

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം ആരംഭിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അനന്തര നടപടികൾ സ്വീകരിക്കാത്ത പഞ്ചായത്തിൽ നിന്നും വിശദീകരണം തേടുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി</u>

1818 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പൊതുശ്മശാനം ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുശ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്ക് എന്തെങ്കിലും സഹായങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

തെരുവുനായകളെ പിടികൂടാൻ നടപടി

1819 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011 ആഗസ്റ്റ് മാസത്തിൽ മാത്രം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നായ കടിച്ചതിന്റെ പേരിൽ 5000 ത്തിലധികം പേർ എത്തി എന്ന വിവരം പരിശോധിക്കുമോ ;

(സി) അലഞ്ഞു നടക്കുന്ന നായകളെ കൊല്ലുന്ന പഴയ രീതിക്കു പകരം നായയെ പിടികൂടി വന്ധ്യംകരിക്കുന്ന സമ്പ്രദായം വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) തെരുവുനായ്ക്കളുടെ എണ്ണക്കൂടുതലും നായകളെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ പരാജയപ്പെടുന്നതും വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) തെരുവുനായകളെ പിടികൂടാൻ ആവശ്യത്തിന് ആളുകളെ കിട്ടാത്ത സ്ഥിതി വിശേഷം ഉണ്ടോ ;

(എഫ്) വീടുകളിൽ വളർത്തുന്ന നായകളെ രോഗമോ മറ്റോ പിടിപെട്ടാൽ തെരുവിലേക്ക് ഇറക്കിവിടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നത് ഗൗരവമായി കാണുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നൽകാൻ നടപടി</u>

1820 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരവും വാർഡ് പുനർ നിർണ്ണയ പ്രകാരവും വ്യത്യസ്തമായ വാർഡ് നമ്പറുകളും കെട്ടിടനമ്പറുകളും നിലവിലുള്ളതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനും, റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനും ആയി പഞ്ചായത്തിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടു ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(സി) കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടം ഭേദഗതിയുടെ അടിസ്ഥാനത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടോ ; എങ്കിൽ അത് എന്ന് മുതൽ നടപ്പാകും ;

(ഡി) വസ്തു നികുതി പുതുക്കുന്നതുമായി ബന്ധപ്പെടുത്തി കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നൽകാനും അസസ്മെന്റ് രജിസ്റ്റർ പുതുക്കാനും തീരുമാനിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിൽ ലോൺ പദ്ധതി</u>

1821 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജലസേചന പദ്ധതികൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കാൻ പദ്ധതി നിലവിലുണ്ടോ ;

(ബി) അത്തരം ലോണുകൾക്ക് സഹകരണ വകുപ്പിൽ നിന്നും പലിശ ഇളവ് ലഭ്യമാക്കാൻ ശ്രമം നടത്തുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>നികുതി പിരിവ് കാര്യക്ഷമമാക്കാന്‍ നടപടി</u>

1822 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകള്‍ തനതു വരുമാന സമാഹരണത്തിനായുള്ള നികുതി പിരിവില്‍ അലംഭാവം കാണിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയില്‍ കഴിഞ്ഞ അഞ്ച് വര്‍ഷങ്ങളില്‍ 100% നികുതി പിരിവ് കൈവരിച്ച പഞ്ചായത്തുകളുടെ പേരു വിവരം വര്‍ഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) നികുതി പിരിവിലെ ഉദാസീനതമൂലം ഗ്രാമപഞ്ചായത്തുകള്‍ക്ക് ഉണ്ടാകുന്ന തനതു വരുമാന ചോര്‍ച്ച തടയുന്നതിനും നികുതി പിരിവ് ഉര്‍ജ്ജിതപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കും;

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കാത്ത പഞ്ചായത്തുകള്‍ക്ക് പദ്ധതി വിഹിതത്തില്‍ ആനുപാതിക കുറവ് വരുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി</u>

1823 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി നൽകിയ വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആശുപത്രികൾ തുടങ്ങിയ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയ സ്ഥാപനങ്ങളുടെ ആനുവൽ മെയിന്റനൻസ് മുൻപ് പി. ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം നടത്തിയിരുന്നതുപോലെ തുടർന്നും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്ക്കരണത്തിന് നടപടി</u>

1824 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥിരം സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ഇ-വേസ്റ്റ് നിർമ്മാർജ്ജനം</u>

1825 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന് പഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രത്യേക നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

ലൈബ്രറി സെസ്സ്

1826 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഈടാക്കുന്ന ലൈബ്രറി സെസ്സ് യഥാസമയം സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറുന്നതിൽ ബന്ധപ്പെട്ടവർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലൈബ്രറി സെസ് ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾ സമാഹരിച്ച എത്ര തുക ലൈബ്രറി കൗൺസിലിന് കൈമാറാനുണ്ട് ;

(സി) പ്രസ്തുത തുക ലൈബ്രറി കൗൺസിലിന് കൈമാറുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്ക് മാലിന്യസംസ്കരണത്തിന് സാമ്പത്തിക സഹായം</u>

1827 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വികേന്ദ്രീകൃത മാലിന്യസംസ്കരണം നടത്തുന്നതിന് ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ആലപ്പുഴ ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി, മാലിന്യ സംസ്കരണത്തിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

1828

ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സബ്സിഡി നൽകുവാൻ കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>ചൈൽഡ് റൈറ്റ്സ് കമ്മീഷൻ</u>

1829 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ അവകാശങ്ങൾക്കായുള്ള കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനമുണ്ടോ ;

(ബി) കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ചൈൽഡ് റൈറ്റ്സ് കമ്മീഷൻ എന്നത്തേക്ക് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കൂൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം</u>

1830 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് സ്കൂളുകൾക്ക് പ്രത്യേകം ധനസഹായം നൽകുന്നത് പരിഗണനയിലുണ്ടോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽലുൾപ്പെട്ട കരവാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു സ്കൂൾ തുടങ്ങുന്നതിന് സാമ്പത്തികസഹായം അനുവദിക്കാമോ;

(സി) ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയിൽ ഒരു നിശ്ചിത തുക നീക്കി വയ്ക്കുവാൻ നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

## സ്പെഷ്യൽ സ്കൂളുകളുടെ ഗ്രാന്റ്

1831

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് അനുവദിച്ചു വന്ന ഗ്രാന്റ് എത്ര രൂപയാണ്;

(ബി) ഈ സർക്കാർ ഇത്തരം സ്കൂളുകൾക്കായി ഗ്രാന്റ് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(സി) നിലവിൽ എത്ര സ്കൂളുകൾ ഈ ഗ്രാന്റിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുമോ;

(ഇ) വരും വർഷങ്ങളിൽ ഈ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

## ഇൻഫർമേഷൻ കേരള മിഷൻ

1832 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരളാ മിഷന് എന്നുമുതൽ ഏതെല്ലാം ചുമതലകളാണ് നൽകിയിട്ടുളളത്;

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടേയും, നിർദ്ദേശങ്ങളുടേയും പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇക്കാര്യങ്ങൾക്കായി മൊത്തം എത്ര തുക സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഐ.കെ.എം-ന് ചെലവിട്ടത് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഐ.കെ.എം ചെലവ് സംബന്ധിച്ച് ആഡിറ്റ് നടന്നിട്ടുണ്ടോ; ആഡിറ്റുകളുടെ നിരീക്ഷണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>'ഇൻഫർമേഷൻ കേരള വിഷൻ' സേവന വേതന വ്യവസ്ഥകൾ</u>

1833 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ നിലവിൽ വന്നത് എന്നാണ് ;

(ബി) ഐ. കെ. എം ജീവനക്കാരുടെ നിയമന വ്യവസ്ഥയും സേവന വേതന വ്യവസ്ഥകളും വ്യക്തമാക്കാമോ ;

(സി) ഇവിടെ എത്ര ജീവനക്കാർ ജോലിചെയ്യുന്നുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>അനധികൃത അറവുശാലകളും ഇറച്ചിക്കോഴി വിൽപന കേന്ദ്രങ്ങളും</u>

1834 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത അറവുശാലകളും ഇറച്ചിക്കോഴി വിൽപനകേന്ദ്രങ്ങളും വർധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

അംഗൻവാടി ജീവനക്കാർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അനുവാദം

1835 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അനുവാദം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ജോലി രാജിവയ്ക്കുകയോ, അവധിയിൽ പ്രവേശിക്കുകയോ ചെയ്തവർക്കുകൂടി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുകൂലമായ ഉത്തരവ് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിന് അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം</u>

1836 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് തദ്ദേശസ്ഥാപനങ്ങൾ വഴിചെലവഴിക്കാൻ നീക്കിവെച്ച തുകയുടെ ഗണ്യമായ ശതമാനം ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ചെലവഴിക്കാൻ നേതൃത്വം നൽകേണ്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പട്ടികജാതി ഓഫീസറാണോ;

(സി) എങ്കിൽ അവർ പട്ടിക ജാതി വകുപ്പ് ഡയറക്ടറുടെ കീഴിലാണോ;

(ഡി) എങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അവർക്ക് മേൽ നിയന്ത്രണമില്ലാത്തത് തുക ചെലവഴിക്കുന്നതിനു പ്രതിബന്ധമാകുന്നുണ്ടോ;

(ഇ) തുക വിനിയോഗം സംബന്ധിച്ച യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടിക ജാതി ഓഫീസർ പലപ്പോഴും പങ്കെടുക്കാത്തതും തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ മേലുള്ള നിയന്ത്രണകുറവ് കാരണമല്ലെയെന്ന് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ തുക വിനിയോഗം ത്വരിതപ്പെടുത്തുന്നതിന് പട്ടിക ജാതി വകുപ്പുമായി ചേർന്ന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം

1837 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യസിച്ച എത്ര ക്ലാർക്കുമാർ നിലവിൽ ജോലി ചെയ്തു വരുന്നു; ഉദ്യോഗസ്ഥരെ എത്ര വർഷത്തേക്കാണ് പുനർവിന്യസിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്ര പേർ എത്ര തവണ മാതൃവകുപ്പിലേക്ക് തിരിച്ചു പോകാൻ ഓപ്ഷൻ നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം എത്ര പേരെ ഇതുവരെ മാതൃവകുപ്പിലേക്ക് തിരിച്ചുവിട്ടുവെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അവശേഷിക്കുന്ന ക്ലാർക്കുമാരെ മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കുന്നതിന് വിഘാതമാകുന്ന സംഗതി എന്താണ്?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡുകളുടെ നിർമ്മാണ പദ്ധതി</u>

1838 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും എത്ര കോടി രൂപ പഞ്ചായത്തുകൾക്ക് അനുവദിച്ചു ;

(സി) പഞ്ചായത്ത് റോഡുകൾക്ക് കുഴികൾ അടയ്ക്കുന്നതിനു വേണ്ടിയുള്ള ഫണ്ട് വകയിരുത്തുമോ ;

(ഡി) പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണം അടുത്ത കാലവർഷത്തിനു മുൻപ് തീർപ്പാക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) എത്ര ഗ്രാമീണ റോഡുകൾ പി.ഡബ്ള്യു.ഡി ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

അംഗൻവാടി വർക്കേഴ്സിന് ഓണറേറിയം

1839

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കേഴ്സിന് നൽകിക്കൊണ്ടിരിക്കുന്ന ഓണറേറിയം എത്രയെന്ന് വ്യക്തമാക്കുമോ; എന്നു മുതലാണ് ഇപ്പോൾ ലഭിക്കുന്ന തുക ലഭ്യമായത്;

(ബി) ഇവർക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരമുള്ള വർദ്ധിപ്പിച്ച ഓണറേറിയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ പെൻഷൻ തുക</u>

1840 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എന്ന് മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>

1841 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ജീവിതച്ചെലവും മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് അംഗൻവാടി ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടം</u>

1842 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികൾ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള അംഗൻവാടികൾ എത്രയെന്നും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്നും പറയുമോ;

(സി) വാസയോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വാസയോഗ്യമല്ലാത്തതോ, വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതോ ആയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുവാൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) തദ്ദേശസ്ഥാപനങ്ങൾക്ക് പുറമേ, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട്കൂടി പ്രയോജനപ്പെടുത്തി അവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ അംഗൻവാടികൾ</u>

1843 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) അംഗൻവാടികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) അംഗൻവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം</u>

1844 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലുമായി എത്ര ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രോജക്ടിന് കീഴിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ചും മണ്ഡലം തിരിച്ചും പട്ടിക ലഭ്യമാക്കുമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ അംഗൻവാടികളുടെ പട്ടിക ലഭ്യമാക്കുമോ; ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തമായികെട്ടിടമില്ലാത്ത കൊയിലാണ്ടി മണ്ഡലത്തിലെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>മഹിളാ മന്ദിരങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

1845 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് കീഴിൽ എത്ര മഹിളാ മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത മന്ദിരങ്ങളിലായി ആകെ എത്ര അന്തേവാസികളുണ്ട്;

(സി) എവിടെയെല്ലാമാണ് പ്രസ്തുത മന്ദിരങ്ങൾ പ്രവർത്തിക്കുന്നത്;

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കാത്തതിനാലുള്ള പ്രസ്തുത മന്ദിരങ്ങളുടെയും അന്തേവാസികളുടേയും ദയനീയ സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) അന്തേവാസികൾക്ക് അനുവദിച്ചിട്ടുള്ള പ്രതിദിന ബത്ത എത്ര രൂപയാണ്;

(എഫ്) പ്രതിദിന ബത്ത കാലോചിതമായി വർദ്ധിപ്പിക്കാനും മഹിളാമന്ദിരങ്ങളുടെ മേൽനോട്ടത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ അംഗനവാടികൾക്ക് സ്വന്തം കെട്ടിടം</u>

1846 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) പുതുതായി അംഗനവാടികൾ അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി അങ്കമാലിയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

**അംഗൻവാടി ജീവനക്കാർക്ക് വേതന വർദ്ധന നടപ്പാക്കാൻ നടപടി**

1847 ഡോ. കെ.ടി. ജലീൽ
ശ്രീമതി കെ.എസ്. സലീഖ
,, കെ.കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകളും ആവശ്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗൻവാടി ജീവനക്കാർക്ക് മുൻസർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വേതന വർദ്ധന നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ജീവിത ചെലവിലുണ്ടായ വർദ്ധന പരിഗണിച്ച് വേതന വർദ്ധന ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; എത്ര അംഗൻവാടി ജീവനക്കാർ ഇപ്പോൾ സംസ്ഥാനത്തുണ്ട് ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

വികലാംഗക്ഷേമ പെൻഷൻ അപേക്ഷകൾ

1848 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭ, പുറക്കാട് ഗ്രാമപഞ്ചായത്ത്, പുനപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പഴപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വികലാംഗക്ഷേമ പെൻഷനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) വികലാംഗർക്ക് വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾക്കും സ്വയംതൊഴിൽ ചെയ്യുന്നതിനുമുള്ള അപേക്ഷകളും അമ്പലപ്പുഴ മണ്ഡലത്തിൽ കെട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഈ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>വികലാംഗ നിയമനം</u>

1849 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ രംഗത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ബി) വികലാംഗർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമനം ത്വരിതപ്പെടുത്താൻ നപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

വികലാംഗക്ഷേമ കോർപ്പറേഷൻ

1850 ശ്രീ. വി. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ കഴിഞ്ഞ അഞ്ചുവർഷക്കാലം വികലാംഗരുടെ ക്ഷേമത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതം സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) എന്തൊക്കെ ഉപകരണങ്ങളാണ് വികലാംഗർക്ക് വിതരണം ചെയ്തുകൊടുത്തിട്ടുള്ളത്; അതിൽ ഓരോ ഇനവും എത്ര പേർക്കുവീതം വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ ഇനത്തിനും ഈ കാലയളവിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള എത്ര പേർ സംസ്ഥാനത്തുണ്ടെന്നതിന്റെ കണക്ക് കോർപ്പറേഷനിൽ ലഭ്യമാണോ; എങ്കിൽ അവരുടെ കാറ്റഗറി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>വികലാംഗനയം</u>

1851 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്ഷക്കണക്കിനു വരുന്ന സംസ്ഥാനത്തെ വികലാംഗരെ ബജറ്റിൽ അവഗണിച്ചെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക സ്കൂളുകൾക്കുള്ള ഗ്രാന്റ്, വികലാംഗർക്ക് മുൻസർക്കാർ നൽകിയ ഇ.എം.എസ്. ഭവനപദ്ധതിയായ 'മണ്ണും വീടും വസതി'യ്ക്കായുള്ള പാക്കേജ് എന്നിവയെക്കുറിച്ച് ബജറ്റിൽ പരാമർശിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ വികലാംഗനയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ അഗതി മന്ദിരങ്ങള്‍ക്ക് നല്‍കുന്ന ഗ്രാന്റ് വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

1852 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ മേഖലയില്‍ പ്രവര്‍ത്തിച്ചുവരുന്ന അനാഥാലയങ്ങള്‍ക്കും,അഗതിമന്ദിരങ്ങള്‍ക്കും നല്‍കുന്ന ഗ്രാന്റ് വളരെ കുറവാണെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വര്‍ദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(സി) എങ്കില്‍ നിലവിലുള്ളതില്‍ നിന്ന് എത്ര രൂപയാണ് വര്‍ദ്ധിപ്പിക്കുവാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് ട്രിബ്യൂണൽ

1853 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് രൂപീകരിച്ച ട്രിബ്യൂണൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>വൃദ്ധജനങ്ങളെ സ്വന്തം വീടുകളിൽനിന്ന് ബഹിഷ്ക്കരിക്കുന്ന പ്രവണത</u>

1854 ശ്രീ. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളെ അവരുടെ സ്വന്തം വീടുകളിൽനിന്ന് ബഹിഷ്ക്കരിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് ആവശ്യമായ നിയമം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) വൃദ്ധസദനങ്ങളിലെ പ്രവേശനത്തിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

1855 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എന്തെല്ലാം പരിപാടികൾ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദീകരണം നൽകാമോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ 2011-12 വർഷത്തെ പ്രവർത്തനത്തിനായി എത്ര രൂപയാണ് നീക്കിവച്ചത്;

(സി) 1.4.2011 മുതൽ നാളിതുവരെ എത്രരൂപ ഏതെല്ലാം പ്രോജക്ടുകൾക്കായി ചെലവഴിച്ചു എന്നതിന്റെ വിശദാംശം ജില്ലകൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ പരിപാടി നടപ്പിലാക്കി വരുന്നുവോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) മുൻവർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം കുടുംബശ്രീ പരിപാടിയുടെ നിർവ്വഹണത്തിൽ പോരായ്മകൾ ഉണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം</u>

1856 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യസുരക്ഷാപെൻഷനുകളും ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

(ബി) ഓണക്കാലത്ത് വിതരണം നടത്തിയ പെൻഷനുകൾ, വർദ്ധിപ്പിച്ച പുതിയ നിരക്കിലാണോ നൽകിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) വിവിധ സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇത്തരം പെൻഷനുകൾ എപ്രകാരമാണ് വിതരണം നടത്തുന്നത്;

(ഇ) പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് മുഖാന്തിരം പെൻഷനുകൾ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>'റീച്ച്' കണ്ണൂർ ആസ്ഥാനമായി തുടങ്ങാൻ നടപടി</u>

1857

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വനിതാ വികസന കോർപ്പറേഷന്റെ വനിതകൾക്കുള്ള സ്കിൽ ഡെവലപ്മെന്റ് സെന്റർ 'REACH' കണ്ണൂരിലെ പിലാത്തറയിൽ ഉദ്ഘാടനം ചെയ്തെങ്കിലും ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലബാറിലെ റീജിയണൽ സെന്റർ കണ്ണൂർ ടൗൺ ആസ്ഥാനമാക്കി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>കുട്ടികളെ ലൈംഗിക ചൂഷണം ചെയ്യുന്നത് തടയാൻ നടപടി.</u>

1858 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിലും വിദ്യാലയങ്ങളിലും കുട്ടികൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) വിദ്യാലയങ്ങളിൽ ബോധവത്കരണത്തിനായി ഒരു 'കൗൺസലിംഗ് അവർ' ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് കരിക്കുലം കമ്മിറ്റിക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ ധനസഹായം</u>

1859 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബധിര-മൂക കുട്ടികൾക്ക് സംസാരശേഷിയും കേൾവി ശേഷിയും ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് ഇതിനകം ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസുകൾ</u>

1860 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ അനുവദിച്ച ഐ. സി. ഡി. എസ് പ്രോജക്ടുകൾക്ക് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കുവാനും കെട്ടിടങ്ങൾ നിർമ്മിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം ഫണ്ട്</u>

1861 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗത്തിനായി എൻ.ആർ.എച്ച്.എം ഫണ്ട് ലഭിക്കുന്നുണ്ടോ ; എങ്കിൽ ഓരോ ഗ്രാമപഞ്ചായത്തിനും എത്ര രൂപ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് എന്ത് ആവശ്യങ്ങൾക്കൊക്കെയാണ് ഗ്രാമപഞ്ചായത്തുകൾ വിനിയോഗിക്കുന്നത് ; വിശദാംശം അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ഫണ്ട് യഥാസമയം വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപം ഉത്തരവാദിത്തപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 4.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസ് കെട്ടിട നിർമ്മാണം</u>

1862 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി അഡീഷണൽ ഐ. സി. ഡി. എസ് പ്രോജക്ട് ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എതു ഘട്ടം വരെയായെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.10.2011-ലെ മറുപടിക്ക്

ജനസംഖ്യാ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം

1863 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജനസംഖ്യാവളർച്ചയിൽ ആശങ്കാജനകമായ കുറവ് വരുന്നുണ്ടോ ;

(ബി) വൃദ്ധരുടെ എണ്ണം കൂടുകയും കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്ന അസന്തുലിതാവസ്ഥയ്ക്ക് എന്തെങ്കിലും പരിഹാരമുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ ?